## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1422

06.03.2018-ൽ മറുപടി പറയേണ്ടത്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് ക്ഷേമനിധി ബോർഡും അനുബന്ധമായി സൊസൈറ്റിയും രൂപീകരിക്കുന്നത് സംബന്ധിച്ചെടുത്ത തീരുമാനത്തിന്റെ സ്ഥിതി എന്താണെന്നറിയിക്കുമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിന് ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഉപസമിതിയുടെ ശുപാർശകളൊന്നും സർക്കാരിലേക്ക് ലഭിച്ചിട്ടില്ല. |
| (ബി) | മുൻ അംഗങ്ങൾക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുമെന്ന തീരുമാനത്തിന്മേൽ കൈക്കൊണ്ട നടപടി എന്താണെന്നറിയിക്കുമോ; | (ബി) | നിലവിൽ സാമൂഹ്യസുരക്ഷാ മിഷനിലേക്ക് വിഹിതം അടയ്ക്കുന്ന പഞ്ചായത്തുകളിലെ മുൻ ജനപ്രതിനിധികൾക്ക് മാത്രമേ നിലവിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ ചികിത്സാധനസഹായം അനുവദിച്ചിട്ടുള്ളൂ. |
| (സി) | ത്രിതല പഞ്ചായത്തിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ